(ഡി) ഇല്ല. കേരള സർക്കാരിന്റെ ഒരു അക്രെഡിറ്റഡ് ഏജൻസിയായതിനാലാണ് പദ്ധതി നടപ്പാക്കുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് ചുമതല നൽകിയത്.

(ഇ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ യാതൊരു മാനദണ്ഡവും നിർദ്ദേശവും നൽകിയിട്ടില്ല.

(എഫ്) അല്ല. ഉദിക്കുന്നില്ല. കേരളത്തിലെ ശുദ്ധജല ശുചിത്വ രംഗത്ത് ദീർഘ കാലത്തെ പ്രവർത്തന പരിചയമുള്ള ഒരു സന്നദ്ധ സംഘടനയാണ് 'സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ'.

(ജി) സംസ്ഥാന സർക്കാരാണ് ഏജൻസിയെ നിയമിച്ചത്. ഈ ആവശ്യത്തിന് സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസായി 12.50 കോടി രൂപ ലഭിച്ചിട്ടുണ്ട്.

നിലവിലുള്ള നദീജല കരാറുകൾ

*25 [55] ശ്രീ. രാജു എബ്രഹാം:
" കോടിയേരി ബാലകൃഷ്ണൻ:
" മത്തായി ചാക്കോ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നദീജലകരാറുകൾ പുനരവലോകനം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം കരാറുകൾ പുനരവലോകനം ചെയ്യേണ്ടതായിട്ടുണ്ടെന്നാണ് സർക്കാർ കരുതുന്നത്;

(സി) പുനരവലോകനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങളും ഇതിനകം സ്വീകരിച്ച നടപടികളും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) അന്തർ സംസ്ഥാന നദീജലപ്രശ്നം സംബന്ധിച്ച് സർക്കാർ വിളിച്ചു ചേർത്ത സർവ്വകക്ഷിയോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ; യോഗ തീരുമാനങ്ങൾ വിശദമാക്കാമോ;

(ഇ) ഏതെല്ലാം തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കുകയുണ്ടായി;

(എഫ്) ഈ യോഗത്തിന്റെ ചർച്ചകൾക്ക് സർക്കാർ അവലംബിച്ച പഠന ഗ്രൂപ്പിന്റെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ ആന്റ് ബി) 1970 മേയ് 29-ന് ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ, 1886 ഒക്ടോബർ 29-ന് ഒപ്പുവച്ച മുല്ലപ്പെരിയാർ പാട്ടക്കരാർ, 1973 ആഗസ്റ്റ് 19-ന് ഒപ്പുവച്ച ശിരുവാണി കുടിവെള്ളക്കരാർ എന്നിവയാണ് നിലവിലുള്ള നദീജലക്കരാറുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവയിൽ പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ കരാറിൽ വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത കരാറിന്റെ പുനരവലോകന നടപടികൾ നടന്നുവരികയാണ്.

(സി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി കേരളത്തിന്റെ ആവശ്യങ്ങളടങ്ങിയ ഒരു മെമ്മോറാണ്ടം 21-9-1989-ലും ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം 5-11-1992-ലും തമിഴ്നാടിന് നൽകിയിട്ടുണ്ട്. 21-12-1989, 22-12-1989, 18-8-1990, 5-11-1992, 28-11-1996, 13-8-1998, 5-4-2000, 10-6-2002, 13-2-2003, 10-11-2003, 4-1-2004 എന്നീ തീയതികളിൽ അന്തർസംസ്ഥാന മന്ത്രിതല ചർച്ചകളും 3-4-1993, 4-4-1993 എന്നീ തീയതികളിൽ ഔദ്യോഗികതല ചർച്ചകളും നടക്കുകയുണ്ടായി. 10-6-2002-ൽ ചെന്നൈയിൽ വച്ചുനടന്ന അന്തർ സംസ്ഥാന മന്ത്രിതല തീരുമാനമനുസരിച്ച് ഇരു സംസ്ഥാനങ്ങളിലേയും 3 പേർ വീതം അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നാലു പ്രാവശ്യം യോഗം ചേർന്ന് പുനരവലോകനം സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്മേൽ 10-11-2003-ൽ ചെന്നൈയിൽ വച്ചും 4-1-2004-ൽ തിരുവനന്തപുരത്തുവച്ചും മന്ത്രിതല ചർച്ചകൾ നടത്തുകയുണ്ടായി. ചർച്ചകൾ പൂർത്തിയായിട്ടില്ല.

(ഡി) 30-6-2003-ൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ നദീജലക്കരാർ പുനരവലോകന കാര്യങ്ങൾ ചർച്ച ചെയ്തു. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ പുനരവലോകനം ചെയ്യുന്നതിനായി തയ്യാറാക്കിയ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളുവാനും മുക്കാലി പ്രശ്നത്തിൽ ഒന്നുകൂടി ആലോചിച്ചു തീരുമാനമെടുക്കുവാനും കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി പൂർത്തിയാക്കുവാനും യോഗം തീരുമാനിച്ചു.

(ഇ) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ പുനരവലോകനം ചെയ്യുന്നതിനായി തയ്യാറാക്കിയ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിന്മേൽ 10-11-2003-ൽ ചെന്നൈയിൽ വച്ചും 4-1-2004-ൽ തിരുവനന്തപുരത്തുവച്ചും നടന്ന അന്തർസംസ്ഥാന മന്ത്രിതല യോഗങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും അണക്കെട്ടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ പാസ്സാക്കിയ പ്രകാരം കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ 4-ഉം 45 മുതൽ 48 വരെയുള്ള സെക്ഷനുകളും ഒഴികെയുള്ള സെക്ഷനുകൾക്ക് 16-12-2003 മുതൽ പ്രബല്യത്തിൽ വരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) റിപ്പോർട്ട് ഇപ്പോൾ മേശപ്പുറത്ത് വയ്ക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly